<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഒന്നാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 76</u>     <u>27.06.2011 - ൽ മറുപടിയ്ക്ക്</u>

## വിചാരണ തടവുകാരനെ ആക്രമിച്ച സംഭവം

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) തൃശൂർ അതിവേഗ കോടതി ഒന്നിനു മുന്നിൽവച്ച് വിചാരണ തടവുകാരനെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ ആക്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; | (ബി) വിയ്യൂർ സബ് ജയിലിൽ നിന്നും വിചാരണക്കായി തൃശ്ശൂർ ഫാസ്റ്റ് ട്രാക്ക്-1 നമ്പർ കോടതിയിൽ കൊണ്ടു വരികയായിരുന്ന ഗോവിന്ദച്ചാമി യെന്ന പ്രതിയെ ഭീഷണിപ്പെടുത്തിയതു മായി ബന്ധപ്പെട്ട് യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരായ ഏഴ് പേർക്കെതിരായി തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം 760/11 യു/എസ് 143, 147, 341, 353, 506 (ii) ആർ/ഡബ്ല്യു 149 ഐ.പി.സി. ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ് |

| | | | |
|---|---|---|---|
| (സി) | കോടതി വളപ്പിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | ജനശ്രദ്ധയാകർഷിച്ച പ്രതികളെ കോടതിയിൽ കൊണ്ടുവരുമ്പോൾ ഇത്തരത്തിലുള്ള അനിഷ്ടസംഭവങ്ങൾ കോടതി വളപ്പിൽ ഉണ്ടാകാതിരിക്കാൻ പ്രത്യേക പോലീസ് ബന്തവസ്സ് ഏർപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ